## റിപ്പോർട്ട് സമർപ്പണം

(1) ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II-ന്റെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II-ന്റെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിലെ 5-ാം ഉപചട്ടപ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

(2) വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IV-ന്റെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

(3) 2011-2012 കാലഘട്ടത്തിൽ മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. ജോസ് തെറ്റയിൽ : സർ, 2011-2012 കാലഘട്ടത്തിൽ മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

Uncorrected / Not for Publication

## റൂളിംഗ്

മി. സ്പീക്കർ : ഹോട്ടലിൽ നിന്നും ഭക്ഷണം കഴിച്ച ഒരു യുവാവ് ഭക്ഷ്യവിഷബാധമൂലം മരിക്കാനിടയായ സംഭവം അത്യന്തം വേദനാജന കവും ഭയപ്പെടുത്തുന്നതുമാണ്. ഭക്ഷ്യവിഷബാധമൂലം ധാരാളം പേർ ചികിത്സയിൽ ആണെന്ന വാർത്തയും വന്നുകൊണ്ടിരിക്കുന്നു. പഴകിയ ഭക്ഷണം വിളമ്പുന്ന ഹോട്ടലുകളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി അന്വേഷണ ഉദ്യോഗസ്ഥർ തന്നെ പരസ്യമായി അറിയിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. പരിശോധനകൾ കൃത്യമായി നടത്താത്തതാണ് ഇങ്ങ നെയുള്ള സംഭവങ്ങൾ ആവർത്തിക്കാൻ കാരണം എന്ന് നമുക്കെല്ലാ വർക്കും അറിയാം. നമുക്ക് ധാരാളം നിയമങ്ങൾ ഉണ്ട്. അവയൊന്നും ശക്തമായി നടപ്പിലാകുന്നില്ലെന്നുള്ളതാണ് ഖേദകരം. ഇവിടെ ലൈസൻസ് പോലുമില്ലാതെ ധാരാളം ഭക്ഷണശാലകൾ പ്രവർത്തിക്കു ന്നത് നമ്മെ കൂടുതൽ ആശങ്കാകുലരാക്കുന്നു. ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളിൽ മാത്രമല്ല, നാം മാർക്കറ്റിൽ നിന്നും വാങ്ങുന്ന പച്ചക്കറിക ളിലും മറ്റെല്ലാ നിത്യോപയോഗ സാധനങ്ങളിലും മായം കലർത്തുന്നു ണ്ടെന്നത് നമ്മെ വല്ലാതെ ഉത്കണ്ഠപ്പെടുത്തുന്നു. മായം ചേർത്ത് അമിത ലാഭം നേടാൻ ശ്രമിക്കുന്നവർ അത് തങ്ങളുടെ തന്നെ കുടുംബത്തേയും ബാധിക്കുമെന്ന സത്യം തിരിച്ചറിയുന്നില്ല. അതുപോലെ മറ്റൊരു കാര്യം പറയുവാനുള്ളത്, ഇക്കാര്യങ്ങൾ പരിശോധിക്കാൻ നിയുക്തരായ ഉദ്യോ ഗസ്ഥന്മാർ അവരുടെ ജോലികൾ കൃത്യമായി നിർവ്വഹിക്കുന്നുണ്ടോയെന്ന്

കർശനമായി ഗവൺമെന്റ് പരിശോധിക്കണം. ഇപ്പോൾ സംസ്ഥാനത്ത് ഒട്ടാകെ പരിശോധന ഊർജ്ജിതമായി നടക്കുന്നുവെന്നത് വളരെ നല്ല കാര്യമാണ്. മോശമായ ഭക്ഷണം വിൽക്കുന്ന സ്ഥലങ്ങൾ അടയ്പ്പിക്കുന്നു വെന്ന വാർത്തയും അഭിനന്ദനാർഹമാണ്. ഇത് വളരെ പെട്ടെന്ന് അവസാ നിപ്പിക്കരുതെന്ന് നാം ആഗ്രഹിക്കുന്നു. നിരന്തരം ജാഗ്രത കൊണ്ട് മാത്രമേ ഇത്തരം അനീതികൾ ശാശ്വതമായി പരിഹരിക്കാൻ കഴിയൂ. അതി നുള്ള ക്രിയാത്മകമായ നടപടികളാണ് എല്ലാ ഭാഗത്തുനിന്നും ഉണ്ടാകേ ണ്ടത്. ഗുരുതരമായ റോഡ് അപകടങ്ങളിലൂടെ ധാരാളം ആളുകൾ മരിക്കു മ്പോൾ നാം പെട്ടെന്ന് ഉണരുന്നു. എന്നാൽ ഇപ്പോൾ റോഡിലെങ്ങും ഹെൽമറ്റിന്റെയും സ്പീഡ് ഗവേണൻസിന്റെയും സാന്നിദ്ധ്യം നമുക്ക് ബോദ്ധ്യമാകുന്നില്ല. ഇത് സഭ നടന്നുകൊണ്ടിരിക്കുന്ന സന്ദർഭമാണ്. സ്വാഭാവികമായും പൊതുസമൂഹം ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നുവെന്നുള്ളത് സ്വാഭാവികമാണ്. അതു കൊണ്ട് ഭക്ഷ്യവിഷബാധയുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപ ടികളുടെയും എടുക്കാൻ പോകുന്ന തുടർനടപടികളുടെയും ഒരു റിപ്പോർട്ട് സഭ പിരിയുന്നതിനുമുമ്പ് ബന്ധപ്പെട്ടവർ സഭയെ അറിയിക്കേണ്ട താണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, അങ്ങ് പറഞ്ഞത് വളരെ ഗൗരവമായ സംഗതിയാണ്. നിർഭാഗ്യകരമായ മരണവും മറ്റ് ചില പരാതികളും ഉണ്ടായി. അതിനെത്തുടർന്ന് നടത്തിയ പരിശോധനയിലും

ഇക്കാര്യങ്ങൾ വസ്തുതാപരമാണെന്ന് തെളിയിക്കത്തക്ക വിവരങ്ങളാണ് കിട്ടിയിട്ടുള്ളത്. സംസ്ഥാന വ്യാപകമായി റെയ്ഡ് നടത്തിയിട്ടുണ്ട്. അതിന്റെ പേരിൽ പല ഹോട്ടലുകളും അടപ്പിക്കുകയും നോട്ടീസ് കൊടുത്ത് റെക്ടിഫിക്കേഷനുള്ള നിർദ്ദേശങ്ങൾ കൊടുത്തിട്ടുമുണ്ട്. അങ്ങ് പറഞ്ഞതുപോലെ വിശദമായിട്ടുള്ള റിപ്പോർട്ട് ആരോഗ്യ വകുപ്പുമന്ത്രി സഭയ്ക്ക് തരും. ഇന്ന് ഇതുസംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വച്ചിട്ടുണ്ട്.

മി. സ്പീക്കർ : സമയോചിതമായ അങ്ങയുടെ ഇടപെടൽ വളരെ നല്ലതാണെന്ന് ചെയർ ഒന്നു കൂടി പറയുന്നു.

(നിയമനിർമ്മാണ കാര്യം)

* * * * * * * * * * * * * * *